


# എല്ലാവർക്കും പുതുവത്സരാശംസകൾ



**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

പ്രതീക്ഷയുടെ ഒരു പുതിയ വർഷം കൂടി കടന്നുവന്നിരിക്കുകയാണ്. മേക്കിങ് ആൻ ഇംപാക്ട് (Making an Impact) ലേഖന പരമ്പരയുടെ എല്ലാ വായനക്കാർക്കും കുടുംബശ്രീ ടീമിന്റെ പുതുവത്സരാശംസകൾ ആദ്യം തന്നെ നേരട്ടെ. സമൃദ്ധവും സമ്പന്നവും സന്തോഷം നിറഞ്ഞതും പുരോഗതിയിലേക്ക് കൈപിടിച്ചുയർത്തുന്നതുമൊക്കെയാകട്ടെ ഈ 2020.

കുടുംബശ്രീയിലൂടെ നടപ്പിലാക്കുന്ന വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളെ അറിയിക്കാനും നയപരമായ കാര്യങ്ങളുടെ ഡോക്യുമെന്റേഷൻ തയാറാക്കാനും കൂടുതൽ സംയോജനം സാധ്യമാക്കാനും ലക്ഷ്യമിട്ടാണ് 2019 ജൂലൈ 19 മുതൽ (Making an Impact) എന്ന ലേഖന പരമ്പര എഴുതാൻ തുടങ്ങിയത്. 157 ലേഖനങ്ങളിലൂടെ ഈ പരമ്പര മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചതിൽ

സന്തോഷിക്കുന്നു. ഇതിന് നിങ്ങളോരോരുത്തരും നൽകിയ സ്വീകാര്യതയ്ക്ക് നന്ദി പറയട്ടെ. കഴിഞ്ഞ 3 വർഷങ്ങളായി കുടുംബശ്രീയിൽ ചെയ്ത് വരുന്ന പുതിയ നയങ്ങളും പദ്ധതികളും പരിചയപ്പെടുത്തുന്ന പരമ്പരയാണിത്.

കഴിഞ്ഞ മൂന്ന് വർഷങ്ങളായി വികസന പ്രവർത്തനങ്ങളുടെ വലിയാരു അടിത്തറ പടുത്തുയർത്താൻ ഞങ്ങളുടെ ടീമിന് സാധിച്ചിട്ടുണ്ട്. ഈ അടിത്തറയുടെ ശക്തി ഉപയോഗിച്ച് കൊണ്ട് മികച്ച ഫലം കേരളത്തിന് നൽകേണ്ട വർഷമാണ് 2020. ജനങ്ങളുടെ ജീവിതത്തിൽ മാറ്റമുണ്ടാകുന്ന തരത്തിൽ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനങ്ങൾ കൂട്ടിച്ചേർത്ത് കൊണ്ട് മികച്ച ഫലങ്ങളിലേക്കും കൂടുതൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളിലേക്കും കടക്കേണ്ട ഉത്തരവാദിത്തം 2020ൽ ഞങ്ങൾക്കോരോരുത്തർക്കുമുണ്ട്. കാര്യക്ഷമതയോടു കൂടി ഈ പ്രവർത്തനം നടപ്പാക്കാൻ ഞങ്ങളുടെ ടീമിന് സാധിക്കട്ടേയെന്നും പുതുവർഷം ഇതിനുള്ള ഓർമ്മപ്പെടുത്തലാകട്ടെയെന്നും കരുതട്ടെ. എല്ലാവർക്കും ഒരിക്കൽക്കൂടി സന്തോഷം നിറഞ്ഞ 2020 ആശംസിക്കട്ടെ. ഏവർക്കും ഒരിക്കൽക്കൂടി പുതുവത്സരാശംസകൾ!